**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5959** **19.11.2019-ൽ മറുപടിക്ക്**

**ആറന്മുളയിൽ സമ്പൂർണ്ണ വൈദ്യുതി സുരക്ഷാഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി.വീണാ ജോർജ്ജ് | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) ആറന്മുളയിൽ തുടക്കമിട്ട സമ്പൂർണ്ണ വൈദ്യുതി സുരക്ഷാഗ്രാമം പദ്ധതി ഏത് ഘട്ടത്തിലാണ്;<br><br>(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയും;<br><br>(സി) പദ്ധതിയിലെ പ്രധാന ആശയങ്ങൾ വ്യക്തമാക്കാമോ? | (എ)<br>(ബി)<br>&<br>(സി) | അപകടരഹിതമായി ഗുണമേന്മയുള്ള വൈദ്യുതി എല്ലാ വീടുകളിലും എത്തിക്കുക, സമ്പൂർണ സുരക്ഷ ഉറപ്പാക്കുക, വൈദ്യുതി ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടേയും ഗുണമേന്മ ഉറപ്പാക്കുക, വീടുകളിലെയും സ്ഥാപനങ്ങളിലെയും എർത്തിങ്/വയറിങ്/ELCB തുടങ്ങിയവയുടെ പരിശോധന, കേടായ മീറ്ററുകൾ മാറ്റി വയ്ക്കുക തുടങ്ങിയ വിവിധ പദ്ധതികൾ ഉൾപ്പെടുത്തി ആറന്മുള ഗ്രാമത്തിലെ എല്ലാ ഉപഭോക്താക്കൾക്കും നാടിനും സമ്പൂർണ്ണ വൈദ്യുതി സുരക്ഷയേകാൻ നടപ്പിലാക്കുന്ന പദ്ധതിയാണ് ആറന്മുള സമ്പൂർണ്ണ വൈദ്യുതി സുരക്ഷാഗ്രാമം പദ്ധതി. ആറന്മുള ഗ്രാമപഞ്ചായത്ത്, കെ. എസ്. ഇ. ബി. എൽ., ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, കുടുംബശ്രീ, വ്യാപാരിവ്യവസായ സംഘടനകൾ, ഇലക്ട്രിക്കൽ വയർമാൻ & സൂപ്പർവൈസേഴ്സ് സംഘടനകൾ, കോളേജ്/സ്കൂൾ/ ഐടിഐ വിദ്യാർഥികൾ, രാഷ്ട്രീയ പാർട്ടികൾ/മതസംഘടന ഭാരവാഹികൾ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം 2019 മെയ് 7-നു നടന്നു.<br><br>ടി പദ്ധതിയിൽ ഉൾപ്പെട്ട, വൈദ്യുതി ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടേയും ഗുണമേന്മ വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളും കേടായ മീറ്ററുകൾ മാറ്റി വയ്ക്കുന്ന പദ്ധതിയും ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ട 'ദ്യുതി 2021' ൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കി വരുന്നു.<br><br>ടി പദ്ധതിയിൽ ഉൾപ്പെട്ട വീടുകളിലെയും സ്ഥാപനങ്ങളിലെയും എർത്തിംഗ്/വയറിംഗ്/ELCB തുടങ്ങിയവയുടെ പരിശോധനയുൾപ്പെടെയുള്ള മറ്റു പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച്, 20 മാസം കൊണ്ട് പൂർത്തീകരിക്കാനാണു ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ